**അവലോകനം**

മി. സ്പീക്കർ: പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. നവംബർ 30 മുതൽ 11 ദിവസമാണ് സഭ സമ്മേളിച്ചത്. നിയമനിർമ്മാണമായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാന അജണ്ട.

മൂന്ന് ധനവിനിയോഗ ബിൽ ഉൾപ്പെടെ 13 ബില്ലുകൾ ഈ സഭയിൽ ചർച്ച ചെയ്ത് പാസ്സാക്കി. ഇതിൽ 5 ബില്ലുകൾ ഓർഡിനൻസുകൾക്ക് പകരമുള്ളതാണ്. പാസ്സായ ബില്ലുകളിൽ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ, പ്രവാസി കേരളീയ കമ്മീഷൻ ബിൽ, മുന്നോക്ക കമ്മീഷൻ ബിൽ, കേരള സ്പോർട്സ് ബിൽ തുടങ്ങിയ ബില്ലുകളും ഉൾപ്പെടുന്നു. സഭയിൽ അവതരിപ്പിച്ച കേരള ഹർത്താൽ നിയന്ത്രണ ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ചു. പതിമൂന്നാം നിയമസഭയിൽ ആദ്യമായാണ് ഒരു ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത്. ബില്ലുകളുടെ ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ശ്രദ്ധേയമായ നിർദ്ദേശങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തു. ബിൽ ചർച്ചയിൽ എല്ലാവരും പങ്കെടുക്കുകയും ചർച്ച ക്രിയാത്മകമാകുകയും ചെയ്താൽ മാത്രമെ, നിയമനിർമ്മാണം കുറ്റമറ്റതാകുകയുള്ളൂ.

ഈ സമ്മേളനത്തിലെ ചോദ്യോത്തരവേള വളരെ സജീവമായിരുന്നു. 330

ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിലും 3844 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിലും ഉൾപ്പെടുത്തി. ചോദ്യങ്ങളും ഉത്തരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 27 ചോദ്യങ്ങൾക്ക് സഭയിൽ വാക്കാൽ മറുപടി നൽകി. 264 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ സഭയിൽ വാക്കാൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഒരു അടിയന്തിര ചോദ്യത്തിനും സഭയിൽ മറുപടി നൽകി.

നിയമസഭാ ചോദ്യോത്തര പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. ലെജിസ്ലേറ്റീവ് അസംബ്ലി ഇന്റർപെലേഷൻ സിസ്റ്റം (LAIS) എന്ന വെബ് അധിഷ്ഠിത സംവിധാനം ഉപയോഗപ്പെടുത്തി 11 സാമാജികർ ആകെ 258 നോട്ടീസുകൾ ഓൺലൈനായി സമർപ്പിക്കുകയുണ്ടായി. എല്ലാ അംഗങ്ങളും LAIS സംവിധാനം ഉപയോഗപ്പെടുത്തണമെന്നാണ് ചെയർ ആഗ്രഹിക്കുന്നത്.

സഭയിൽ 11 അടിയന്തരപ്രമേയ നോട്ടീസുകൾക്ക് അവതരണാനുമതി തേടി. ഇതിൽ ഒരെണ്ണം ഒഴികെ പത്തെണ്ണത്തിന് ബന്ധപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു.

ഈ സമ്മേളനത്തിൽ 16 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങൾ അവതരിപ്പിച്ചു, അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു.

144 സബ്മിഷനുകൾ സഭയിൽ അവതരിപ്പിച്ചു. കൂടാതെ 59 സബ്മിഷനുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകുകയും ചെയ്തു.

ചട്ടം 300 അനുസരിച്ച് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ പ്രസ്താവന നടത്തി. ചട്ടം 64 അനുസരിച്ച് മുൻമന്ത്രി ശ്രീ. കെ. എം. മാണി മന്ത്രിസഭയിൽ നിന്നുള്ള തന്റെ രാജി സംബന്ധിച്ച പ്രസ്താവന നടത്തുകയുണ്ടായി.

പതിനഞ്ചാം സമ്മേളനം വിജയകരമായി നടത്താൻ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷി നേതാക്കന്മാർ, ബഹുമാനപ്പെട്ട അംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങി എല്ലാവർക്കും ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. നിയമസഭാ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് ഉറക്കം ഉപേക്ഷിച്ചും നിയമസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ആത്മാർത്ഥമായ സഹകരണത്തിന് ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ്-പുതുവൽസര ആശംസകൾ നേരുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട് ഈ സമ്മേളനം

അവസാനിച്ചതായി പ്രഖ്യാപിക്കുന്നു. സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ രാത്രി 11.48-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

***********